⇨ ഗൗരീ ലങ്കേഷ് വധം ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ⇨

# വിസമ്മതങ്ങളുടെ കൂടിച്ചേരലിൽ അവതരിപ്പിച്ച വിസമ്മത പ്രഖ്യാപനം

വിസമ്മതിക്കാനുള്ള/വിയോജിക്കാനുള്ള പരമമായ അവകാശം ജനാധിപത്യത്തിന്റെ സുപ്രധാന മൂല്യങ്ങളിലൊന്നാണ്. വിസമ്മതിക്കാനുള്ള വ്യക്തികളുടെയും കൂട്ടായ്മകളുടെയും മൗലിക അവകാശത്തിന്മേൽ കെട്ടിപ്പടുത്തതാണ്, പുതുക്കിപ്പുതുക്കിയെടുത്തതാണ് ജനാധിപത്യസങ്കൽപ്പം തന്നെ. ഈയൊരു അവകാശത്തെ പൂർണമായി റദ്ദ് ചെയ്യാനും അതിന്റെ അന്തസത്തയെ ശ്വാസംമുട്ടിച്ച് കൊല്ലാനുമുള്ള ത്വര ഏതൊരു ഏകാധിപത്യ-ഫാഷിസ്റ്റ് ഭരണകൂടത്തിന്റെയും സഹജഭാവമാണ്. അത്തരം ഭരണകൂടങ്ങൾ അതിന്റെ വിവിധങ്ങളായ മെഷിനറികളെയും രാഷ്ട്രീയ സന്നാഹങ്ങളെയും തുറന്നുവിട്ടുകൊണ്ടാണ് സമൂഹത്തിനുമേൽ തങ്ങളുടെ പൂർണാധികാരം സ്ഥാപിക്കുന്നത്.

ഭരണകൂടങ്ങൾ തങ്ങളുടെ സഹജവും നിഗൂഢവുമായ താൽപ്പര്യങ്ങൾ നടപ്പാക്കുമ്പോൾ എപ്പോഴും തടസ്സമായി നിൽക്കാറുള്ളത് ഒറ്റപ്പെട്ട വ്യക്തികളുടെയും കൂട്ടായ്മകളുടെയും മാദ്ധ്യമങ്ങളുടെയും സ്വതന്ത്രവും നിർഭയവുമായ ഇടപെടലുകളാണ്. സമൂഹത്തിലെ അനീതിക്കും ചൂഷണങ്ങൾക്കുമെതിരെ വിരൽചൂണ്ടുന്ന അത്തരം ഏത് ശബ്ദത്തെയും ഭരണകൂടം ഭയപ്പെട്ട ചരിത്രമാണ് ലോകത്തുള്ളത്. ഭരണകൂടത്തിന് വ്യവസ്ഥയ്ക്കകത്തുനിന്നുള്ള ഇത്തരം വിസമ്മതങ്ങളെ മറികടക്കേണ്ടതുണ്ട്. അതിനവർ ആദ്യം ചെയ്യുന്നത് മെരുക്കാനുള്ള തന്ത്രങ്ങളാണ്. രണ്ടാമത്തേത് സമ്മർദ്ദങ്ങളിലൂടെ ഒതുക്കി നിർത്തലാണ്. ഇതിനു വഴങ്ങാത്ത വിയോജിപ്പുകളെ ജീവനോടെ വെട്ടിവീഴ്ത്തിപ്പോലും തടസങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.

ജനാധിപത്യത്തിന്റെ കളിത്തൊട്ടിലെന്ന് വാഴ്ത്തപ്പെടുന്ന ഇന്ത്യയിലും ഇത്തരമൊരു പരിവർത്തനമാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിന്റെ അന്തഃസത്ത ചോർത്തിക്കളയുന്ന പ്രവർത്തികൾക്ക് ഏറെക്കാലത്തെ ചരിത്രമുണ്ടെങ്കിലും അതിദ്രുതം അതിന്റെ ആണിക്കല്ല് ഇളക്കുന്നതരത്തിലുള്ള മാറ്റം നടപ്പാക്കിത്തുടങ്ങിയത് സംഘപരിവാർ ശക്തികൾ ഭരണത്തിലേറിയതിനു ശേഷമാണ്.

കഴിഞ്ഞ മൂന്ന് വർഷത്തിനുമീതെയായി നരേന്ദ്രമോദിയുടെ ഭരണത്തിൻകീഴിൽ നടമാടുന്ന ഓരോ അനീതിയും ഇതിന്റെ തെളിവുകൾതന്നെയാണ്. അപരവൽക്കരണത്തിന്റെയും വെറുപ്പിന്റെയും രാഷ്ട്രീയം സമൂഹത്തെ പല രീതിയിലും വിഭജിക്കുകയും തകർക്കുകയും ചെയ്യുന്നു. കാടും മലയും കൃഷിയിടങ്ങളും ഉൾപ്പെട്ട നമ്മുടെ പൊതുവിഭവങ്ങൾ കോർപ്പറേറ്റുകൾക്ക് എളുപ്പത്തിൽ വീതിച്ചുകൊടുക്കാനുള്ള സാഹചര്യം സൃഷ്ടിച്ചെടുക്കുന്നതിനു വേണ്ടിയാണ് ജനങ്ങൾക്കിടയിൽ സ്പർദ്ധ വളർത്തുന്ന വംശീയ വിദ്വേഷങ്ങൾ ഇവർ ഇളക്കിവിടുന്നത്. ഇക്കാര്യം തുറന്നുകാണിക്കാൻ മുഖ്യധാരാ മാദ്ധ്യമങ്ങളും പ്രസ്ഥാനങ്ങളും തയ്യാറാകുന്നില്ല എന്നുമാത്രമല്ല അവർ ഭരണകൂട ജിഹ്വകളായി മാറ്റപ്പെടുകയും ചെയ്യുന്നു.

ജീവിതം ദുസ്സഹമാകുമ്പോൾ സ്വന്തം കൃഷിയിടങ്ങളിൽ തന്നെ ജീവനൊടുക്കേണ്ടിവരുന്ന കർഷകർ, വിഭവ ചൂഷണത്താൽ നിരാശ്രിതരായിത്തീരുന്ന മത്സ്യത്തൊഴിലാളികളും ആദിവാസി സമൂഹങ്ങളും, ആൾക്കൂട്ടങ്ങളാൽ കൊലചെയ്യപ്പെടുന്ന മുസ്ലീങ്ങളും ദളിതരും, ഉന്നത പഠന സ്ഥാപനങ്ങളിലെ മാനസികവും ശാരീരികവുമായ പീഡനങ്ങളാൽ ആത്മഹത്യ ചെയ്യേണ്ടിവരുന്ന ദളിതരടക്കമുള്ള വിദ്യാർത്ഥികൾ, വേണ്ടത്ര സൗകര്യങ്ങളൊരുക്കാതെ ആശുപത്രികളിൽ ശ്വാസംമുട്ടി മരിക്കേണ്ടിവരുന്ന പിഞ്ചുകുഞ്ഞുങ്ങൾ, ഭരണകൂടത്തിന്റെ സേഫ്റ്റിവാൾവുപോലെ പൊടുന്നനെ രൂപംകൊള്ളുന്ന വർഗീയകലാപങ്ങൾ, അതിർത്തിയുദ്ധങ്ങൾ, വ്യാജ ഏറ്റുമുട്ടലുകൾ... അങ്ങനെ ഇന്ത്യൻ ജനാധിപത്യത്തിന്റെ ആന്തരികമണ്ഡലം അനുദിനം കലുഷിതമായിത്തീരുകയാണ്.

നാം തികച്ചും അന്ധകാരത്തിലേക്ക് നയിക്കപ്പെടുകയാണോ എന്ന് സംശയിച്ചുപോകുന്ന നിരാശാജനകമായ ഈയൊരു സാഹചര്യത്തിൽ ജനങ്ങളുടെ ദുരിതങ്ങളും കഷ്ടപ്പാടുകളും പ്രകാശിപ്പിക്കാനും അതിന് പ്രചാരണം കൊടുക്കാനും ധൈര്യംകാണിക്കുന്ന ന്യൂനാൽ ന്യൂനപക്ഷമായ വ്യക്തികൾക്കും മാദ്ധ്യമങ്ങൾക്കും പ്രസക്തി ഏറെയാണ്. എഴുത്തും കലാപ്രവർത്തനങ്ങളും ഗവേഷണങ്ങളുമൊക്കെ ഒരു ആക്ടിവിസത്തിന്റെ തലത്തിലേക്ക് വികസിപ്പിക്കുന്നവർ. യാതൊരു ഭയാശങ്കകളുമില്ലാതെ സത്യസന്ധതയോടെ മുന്നോട്ടുപോകുന്ന ഇക്കൂട്ടരെ സമൂഹം ഏറെ ശ്രദ്ധയോടെ നിരീക്ഷിക്കാൻ നിർബന്ധിതരാകുന്നു. ഈ ഇടപെടലുകൾ സമൂഹത്തിൽ ചലനങ്ങളുണ്ടാക്കാൻ പാകത്തിൽ വളരുന്നു. ഭരണകൂടങ്ങൾ തങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങൾക്ക് ഭീഷണിയായി ഇതിനെ കാണുന്നു. ഇത്തരം വിസമ്മതങ്ങളെ, അതിന് മുൻകൈ എടുക്കുന്ന വ്യക്തികളെ കൂട്ടായ്മകളെ ഇല്ലാതാക്കാൻ ഭരണകൂടം തയ്യാറാകുന്നു. ഗൗരീ ലങ്കേഷ് വധം ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്.

ഫാഷിസമെന്നത് വടക്കുനിന്ന് തെക്കോട്ടേക്ക് വീശുന്ന ചൂളക്കാറ്റല്ല, അത് ചവിട്ടി നിൽക്കുന്ന മണ്ണിന്റെ സ്വാതന്ത്ര്യബോധത്തെ നഷ്ടമാക്കുന്ന ചുഴലികളാണ്. ജനങ്ങളെ സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന ഭരണം എന്ന വ്യത്യാസമില്ലാതെ ഏകാധിപത്യ പ്രവണതകൾ ഇന്ന് അനുഭവപ്പെടുന്നുണ്ട്. കേരളത്തിൽ, വികസനത്തിന്റെ ജനവിരുദ്ധതയെ ചോദ്യം ചെയ്യുമ്പോൾ അടിച്ചമർത്തലുകളുടെ രൂപത്തിൽ അവ പിറവിയെടുക്കുന്നു. പുതുവൈപ്പിനിലും ഗെയ്ൽവിരുദ്ധ സമരത്തിലും വടയമ്പാ

ടിയിലെ ജാതിമതിലിനെതിരായ സമരത്തിലുമെല്ലാം നാമത് കണ്ടു. വ്യക്തികളുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിനെതിരെയും തട്ടമിട്ട് പൊതുസ്ഥലങ്ങളിൽ നൃത്തം ചെയ്യാനുള്ള കുട്ടികളുടെ സ്വാതന്ത്ര്യത്തിനെതിരെയും അത് നിലകൊള്ളുന്നത് നാം കാണുന്നു. സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ അത് ഭയപ്പെടുന്നു. കലാ-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിലെ ആണധികാരത്തെ ചോദ്യം ചെയ്യുമ്പോൾ ആൾക്കൂട്ടരൂപത്തിൽ അത് പ്രകടിതമാകുന്നു. സ്വന്തം ജീവിതം സ്വയം നിർണ്ണയിക്കുവാനുള്ള വ്യക്തികളുടെ എല്ലാ ഇച്ഛകളെയും ഫാഷിസം വിവിധ രൂപങ്ങളിലെത്തി ഭയപ്പെടുത്തുന്നു. കിസ്സ് ഓഫ് ലവ് മുതൽ ഫ്ളാഷ് മോബുവരെ, ആദിവാസി-ദളിത് സമരം തൊട്ട് പുതുവയ്പിൻ സമരം വരെയുള്ള എല്ലാ ചെറുത്തുനിൽപുകളോടും ഫാഷിസ്റ്റ് രൂപം കൈവരിച്ച ഭരണകൂടം തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്.

മുതലാളിത്ത ക്രമത്തിനനുസരിച്ച് അതാത് ഭരണകൂടങ്ങൾ നടപ്പാക്കുന്ന പുറന്തള്ളൽ വികസനം വംശീയതയ്ക്കും വിഭാഗീയതയ്ക്കും ആക്കം കൂട്ടുന്നുണ്ട്. ആദിവാസി യുവാവായ മധുവിനെ പരിഷ്കൃതസമൂഹമെന്ന് വിളിക്കപ്പെടുന്ന നഗരമനുഷ്യർ തല്ലിക്കൊന്നതിനു പിന്നിലും ഈയൊരു വികസനത്തിന്റെ ഹിംസാത്മകത ഒളിഞ്ഞിരിപ്പുണ്ട്. ആദിവാസി ഭൂപ്രശ്നത്തിൽ കേരളത്തിലെ ഭൂവുടമസ്ഥതയുടെ കാര്യത്തിലും ഭരണകൂടം കൈക്കൊള്ളുന്ന നിസ്സംഗതാമനോഭാവത്തിന്റെ ഇരകൂടിയാണ് മധു. പുറന്തള്ളലിന്റേതായൊരു സമ്പദ്ക്രമം കൂടി ഫാഷിസം മുന്നോട്ടുവെക്കുന്നുണ്ട് എന്നതാണ് സത്യം. ദളിതരെ, ആദിവാസികളെ, പിന്നോക്കവിഭാഗങ്ങളെ, ലിംഗന്യൂനപക്ഷങ്ങളെ, സ്ത്രീകളെ സമൂഹത്തിന്റെ ഓരങ്ങളിലേക്ക് തള്ളിമാറ്റുന്ന വികസന പരിപ്രേക്ഷ്യങ്ങളെ ചോദ്യം ചെയ്യാതെ ഫാഷിസത്തിനെതിരായ ചെറുത്തുനിൽപുകൾ ശക്തിപ്പെടുത്താനാകുകയില്ല. കഴിഞ്ഞ ചെറിയൊരു കാലയളവിൽ തന്നെ നോട്ട് നിരോധമടക്കമുള്ള നിരവധി ഗൗരവങ്ങളായ സാമ്പത്തിക പരിഷ്കരണങ്ങൾ ധനകാര്യ-ബാങ്കിംഗ് മേഖലയിൽ മോദി സർക്കാർ നടപ്പിലാക്കുകയുണ്ടായി. കോർപ്പറേറ്റ് കടങ്ങൾ തിരിച്ചുപിടിക്കാതെ സാധാരണക്കാരുടെ പണം കവർന്ന് പൊതുമേഖലാ ബാങ്കുകളെ തകർച്ചയിൽ നിന്ന് രക്ഷിക്കുവാനുള്ള നിയമനിർമാണങ്ങൾക്ക് കോപ്പുകൂട്ടികൊണ്ടിരിക്കുകയാണ് ഭരണകൂടം. മിനിമം ബാലൻസ് പോലും സൂക്ഷിക്കാൻ കെല്പില്ലാത്ത ജനങ്ങളിൽ നിന്ന് 1774 കോടി രൂപയാണ് ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ എസ്.ബി.ഐ പിടിച്ചെടുത്തിരിക്കുന്നത്. പതിനായിരക്കണക്കിന് കോടി രൂപയുടെ ബാദ്ധ്യതകൾ പൊതുമേഖലാ ബാങ്കുകൾക്ക് മേൽ വരുത്തിവെച്ച് രാജ്യത്തു നിന്നുതന്നെ പലായനം ചെയ്യാൻ വൻകിട വ്യവസായികൾക്ക് അവസരമൊരുക്കിക്കൊടുത്തുകൊണ്ടാണ് ഇവയൊക്കെയും ചെയ്യുന്നതെന്ന്.

രാജ്യം കടുത്ത പരീക്ഷണങ്ങളിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുന്ന ഈയൊരവസരത്തിൽ ജനാധിപത്യത്തെ മുറുകെപ്പിടിച്ചുകൊണ്ട്, പാർശ്വവൽകൃത ജനതയോട് ചേർന്നുനിന്നുകൊണ്ട് ജനവിരുദ്ധങ്ങളായ എല്ലാ നയങ്ങളോടുമുള്ള നമ്മുടെ വിസമ്മതം, വിയോജിപ്പുകൾ നാം പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു.

പുറന്തള്ളൽ വികസനത്തോട്
കോർപ്പറേറ്റ് വിഭവക്കൊള്ളയോട്
വംശീയ-വർഗ്ഗീയ വിഭജനങ്ങളോട്
ജാതി വേർതിരിവുകളോട്
അഭിപ്രായ നിഷേധങ്ങളോട്
ജനാധിപത്യ വിരുദ്ധ ഭരണത്തോട്
കക്ഷി രാഷ്ട്രീയ കൊലപാതകങ്ങളോട്
തൊഴിലാളി വിരുദ്ധ നയങ്ങളോട്
നീതി നിഷേധങ്ങളോട്

**ഞങ്ങൾ വിസമ്മതിക്കുന്നു.**

അഭിപ്രായ സ്വാതന്ത്ര്യത്തിനും
വിസമ്മതിക്കാനുള്ള അവകാശത്തിനും
ജനാധിപത്യരീതിയിൽ പ്രതിഷേധിക്കുവാനുള്ള
അവകാശത്തിനും സുസ്ഥിരതയ്ക്കും
സഹവർത്തിത്വത്തിനും സ്വാതന്ത്ര്യത്തിനും
നീതിയ്ക്കും തുല്യതയ്ക്കും മനുഷ്യാന്തസ്സിനും
വേണ്ടി അവസാന ശ്വാസം വരെ പൊരുതുമെന്ന്

**ഞങ്ങൾ പ്രഖ്യാപിക്കുന്നു.** ■

### റൈറ്റ് ടു ഡിസന്റ് പരിപാടിയുടെ വരവ് ചിലവ് കണക്കുകൾ

| | | |
|---|---|---|
| **വരവ്** | | |
| ജനങ്ങളിൽ നിന്നുള്ള സംഭാവന | – | **1,65,700.00** |
| **ചെലവ്** | | |
| യാത്ര | – | 51,592.00 |
| ഓഡിറ്റോറിയം വാടക | – | 6,250.00 |
| ലൈറ്റ് & സൗണ്ട് | – | 9,000.00 |
| പ്രചരണം (നോട്ടീസ്,പോസ്റ്റർ) | – | 16,760.00 |
| താമസം | – | 15,822.00 |
| ഓഫീസ് സ്റ്റേഷനറി ആർട്ട് മെറ്റീരിയൽ | – | 6,283.00 |
| പ്രിന്റ് ഔട്ട് & ഫാക്സ് | – | 1,597.00 |
| ഭക്ഷണം | – | 28,876.00 |
| പാത്രം, മേശ, കസേര വാടക | – | 5,175.00 |
| ടെലഫോൺ, ഇന്റർനെറ്റ് | – | 4,000.00 |
| ഡോക്യുമെന്റേഷൻ | – | 5,000.00 |
| **ആകെ** | – | **1,50,355.00** |
| **നീക്കിയിരുപ്പ്** | – | **15,345.00** |